**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2210** **08.03.2017 - ൽ മറുപടിക്ക്**

## സഹകരണ സംഘം ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിന് യോഗ്യത

**ചോദ്യം**

**ശ്രീ.റ്റി.വി.രാജേഷ്**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സഹകരണ സംഘം ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി പ്രകാരം, സഹകരണ ബാങ്ക് ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിന് വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി. ,പ്ലസ് ടു, ഡിഗ്രി (പ്ലസ് ത്രി) ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ, വിദൂര വിദ്യാഭ്യാസം വഴി ബിരുദം നേടിയ പ്രീഡിഗ്രി/പ്ലസ് ടു പാസ്സാകാത്ത ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം ലഭിക്കാൻ സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വിദൂര വിദ്യാഭ്യാസം വഴി ബിരുദം നേടിയ പ്രീഡിഗ്രി/പ്ലസ് ടു പാസ്സാകാത്ത ഉദ്യോഗസ്ഥർക്ക് ബിരുദവിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് അനുവാദം വാങ്ങാതെ സ്ഥാനക്കയറ്റം ലഭിക്കുവാൻ സാധിക്കുന്നതല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മൂന്ന് വർഷം ബിരുദ പഠനം നടത്തി വിദൂര വിദ്യാഭ്യാസം വഴി അംഗീകൃത യൂണിവേഴ്സിറ്റികളിൽ നിന്ന് ബിരുദം എടുത്ത നിലവിലുള്ള സഹകരണ സംഘം ജീവനക്കാർക്ക് പ്രീഡിഗ്രി/പ്ലസ് ടു യോഗ്യത വേണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | സർക്കാരിന്റെ 25.11.2014-ലെ ജി.ഒ(പി)142/2014/സഹ നമ്പർ ഉത്തരവ് പ്രകാരം 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ ചട്ടം 186 ൽ ഭേദഗതി വന്നിട്ടുണ്ട്. ആയത് പ്രകാരം 10+2+3 പാറ്റേണിൽ ബിരുദം വേണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥയിൽ നിന്നും ഒഴിവ് നൽകുന്നത് സർക്കാർ തലത്തിൽ നയപരമായി തീരുമാനം എടുക്കേണ്ട വിഷയം ആണ്. 10+2+3 പാറ്റേൺ പ്രകാരം അല്ലാതെ ബിരുദം നേടിയ ജീവനക്കാർക്ക് പ്രൊമോഷൻ ലഭിക്കുന്നതിന് ഇളവ് |

| | | | |
|---|---|---|---|
| | | | നൽകുവാൻ 1969-ലെ കേരള സഹകരണ സംഘം നിയമത്തിൽ ഇപ്പോൾ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ സഹകരണ സ്ഥാപനത്തിൽ ഉദ്യോഗക്കയറ്റത്തിന് സർവ്വകലാശാല ബിരുദം വിദ്യാഭ്യാസ യോഗ്യത നിഷ്കർഷിച്ചിട്ടുള്ള തസ്തികയിലേക്ക് അപ്രകാരം ഉള്ള യോഗ്യത ഇല്ലാത്ത ജീവനക്കാർക്ക് പ്രീഡിഗ്രി/പ്ലസ് ടു വിദ്യാഭ്യാസ യോഗ്യത ഇല്ലെങ്കിൽ കൂടി ഉദ്യോഗക്കയറ്റത്തിന് കേരള സഹകരണ സംഘം നിയമത്തിലെ ചട്ടം 185 (8) പ്രകാരം ബിരുദ വിദ്യാഭ്യാസ യോഗ്യതയിൽ നിന്നും ഇളവ് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ